ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്,
തിരുവനന്തപുരം,
തീയതി 24.6.1999.

നം.സി4-40763/98.

Office of the Conservator of ... Date ... THRISSUR

**സർക്കുലർ നമ്പർ - 7/99**

വിഷയം:- വനംവകുപ്പ് - വനോല്പന്നാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് പുതുക്കുന്നതിന് നിരാക്ഷേപ പത്രം നല്കുന്നത് - കാലവിളംബം ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ് (പി) നമ്പർ 44/92/വനം തീയതി, 11.11.1992.

2. സർക്കാർ ഉത്തരവ് (പി) നമ്പർ.53/98/വനം തീയതി, 16.7.1998.

.....

വനോല്പന്നാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം നല്കുന്നത് സംബന്ധിച്ച് സൂചന ഒന്ന് പ്രകാരവും, ലൈസൻസ് പുതുക്കുന്നതിന് നിരാക്ഷേപ പത്രം നല്കുന്നത് സംബന്ധിച്ച് സൂചന രണ്ട് പ്രകാരവും വ്യക്തമായ ഉത്തരവുകൾ നല്കിയിട്ടുള്ളതാണ്. വനാതിർത്തിയിൽ നിന്നും 5 കിലോ മീറ്റർ പരിധിയ്ക്കുള്ളിൽ വനോല്പന്നാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് ലൈസൻസ് നല്കുന്നത് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും ആ ദൂരപരിധിയ്ക്ക് പുറത്ത് സംസ്ഥാനത്തിനുള്ളിൽ അത്തരം വ്യവസായം തുടങ്ങാൻ ലൈസൻസ് നല്കുന്നതിന് മുൻപ് ലൈസൻസ് നല്കുന്ന അധികാരി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി ചർച്ച ചെയ്യണമെന്നും സൂചന ഒന്നു പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഒ.പി.നമ്പർ.6696/96, 22203/97 എന്നിവയിൽ സംയുക്തമായി ബഹു: ഹൈക്കോടതി 17.3.98-ൽ പ്രഖ്യാപിച്ച വിധി പ്രകാരം വനാതിർത്തിയിൽ നിന്നും 5. കിലോ മീറ്റർ പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ഈർച്ചമില്ലുകളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ആയതിനാൽ ആ പരിധിയ്ക്കുള്ളിൽ ഈർച്ച മില്ലുകൾ സ്ഥാപിക്കാൻ നിരാക്ഷേപ പത്രം നല്കാൻ പാടില്ലാത്തതാണ്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വനോല്പന്നാധിഷ്ഠിത വ്യവസായങ്ങൾക്ക് വർഷാവർഷം ലൈസൻസ് പുതുക്കി നല്കുന്നത് ബന്ധപ്പെട്ട ഫോറസ്റ്റ് ഓഫീസറുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് സൂചന രണ്ടിലെ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തെ വനോല്പന്നാധിഷ്ഠിത വ്യവസായ ഉടമകൾ അംഗങ്ങളായുള്ള സംഘടനകളിൽ നിന്നും നിരവധി പരാതികൾ സർക്കാരിലും ഈ ഓഫീസിലും ലഭിക്കുന്നുണ്ട്. നിരാക്ഷേപ പത്രം നല്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്നാണ് അതിൽ പ്രധാന പരാതി.

C4-40763/98



വനോല്പന്നാധിഷ്ഠിത വ്യവസായങ്ങൾ അനധികൃതമായി വനോല്പന്നങ്ങൾ ശേഖരിക്കുന്നത് വനസംരക്ഷണത്തിന് ഹാനികരമായതിനാൽ അത്തരം ക്രമക്കേട് നിരുത്സാഹപ്പെടുത്തുന്നതിനായിട്ടാണ് മേൽപറഞ്ഞ നിർദ്ദേശം നല്കിയത്. എന്നാൽ സത്യസന്ധമായി പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്ക് ഈ നിയന്ത്രണം ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ ലൈസൻസ് പുതുക്കുന്നതിന് നിരാക്ഷേപ പത്രം നല്കുന്നതിന് കാലതാമസം ഒഴിവാക്കാനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നല്കുന്നു.

1. നിരാക്ഷേപ പത്രത്തിനായി വ്യവസായ ഉടമയുടേയോ ലൈസൻസിംഗ് അധികാരിയുടെയോ അപേക്ഷ/കത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ലഭിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം നിരാക്ഷേപ പത്രം നല്കുകയോ അത് നിരസിച്ചു കൊണ്ട് അറിയിപ്പു നല്കുകയോ ചെയ്യേണ്ടതാണ്.
2. അപേക്ഷ നിരസിക്കുന്ന കേസ്സുകളിൽ അതിനുള്ള കാരണം വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.
3. അനധികൃതമായി വനോല്പന്നങ്ങൾ ശേഖരിച്ചതുമായി ബന്ധപ്പെട്ട കേസ്സുകളിൽ ഉൾപ്പെട്ട വ്യവസായങ്ങൾക്ക് നിരാക്ഷേപ പത്രം നല്കുന്നത് ഒഴിവാക്കേണ്ടതാണ്.
4. അപേക്ഷ ലഭിക്കുന്ന തീയതി, അപേക്ഷകന്റെ/ലൈസൻസിംഗ് അധികാരിയുടെ വിവരങ്ങൾ, സ്ഥാപനത്തിന്റെ പേരും മേൽവിലാസവും, നിരാക്ഷേപ പത്രം നല്കിയ/നിരസിച്ച കത്തിന്റെ നമ്പരും തീയതിയും എന്നിവ സൂചിപ്പിക്കുന്ന രജിസ്റ്റർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരും കർശനമായി പാലിക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്നത് കർശനമായ നടപടിയ്ക്ക് കാരണമാകുന്നതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ).

<u>പകർപ്പ്</u>

1. എല്ലാ കൺസർവേറ്റർമാർക്കും ഫീൽഡ് ഡയറക്ടർക്കും.
2. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡൻമാർ തുടങ്ങിയവർക്കും.
3. എല്ലാ ബ്രാഞ്ച് ഓഫീസറൻമാർക്കും സെക്ഷൻ തലവൻമാർക്കും.
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർക്ക്.
5. സ്റ്റോക്ക് ഫയലിലേയ്ക്ക്.

കെ.സ്വി.29.6.

CF (CC) TSR

122